"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിൽ, പുനലൂർ നഗരസഭയിൽ, പുനലൂർ വില്ലേജിൽ പെട്ട 2144.ച.മീ വസ്തുവിൽ commercial cum residential കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത DTP Scheme for Chemmanthoor Area-Punalur Municipal Town ൽ നിന്നും Dispensation/Modification അനുവദിച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.48/2022/LSGD തീയതി,തിരുവനന്തപുരം, 09-03-2022

---

പരാമർശം:-
1. 29/09/2015-ലെ ജി.ഒ.(എം.എസ്) നം.306/2015/തസ്വഭവ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 18/02/2016-ലെ 304282/ആർ.ഡി2/ 2015/തസ്വഭവ നമ്പർ സർക്കുലർ.
3. ശ്രീ. ഫിറോസ് തമ്പി, ശ്രീമതി. അജ്മ ഫിറോസ് തമ്പി എന്നിവർ 17/07/2017 ന് നഗരസഭയിൽ സമർപ്പിച്ച അപേക്ഷ
4. മുഖ്യനഗരാസൂത്രകന്റെ 26/10/2018 ലെ സി3/8700/2018/കെ.ഡിസ് നമ്പർ കത്തും ഫാറം ഡി യിലുള്ള സാങ്കേതിക ശിപാർശയും.
5. കൊല്ലം ജില്ലാ നഗരാസൂത്രകന്റെ ഫാറം സി യിലുള്ള സാങ്കേതിക ശിപാർശ.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ, പുനലൂർ നഗരസഭയിൽ, പുനലൂർ വില്ലേജിൽ പെട്ട റീ സർവെ നമ്പർ 407/4/8/1, 407/4/8/2, 407/4/8/3 എന്നിവയിൽ ഉൾപ്പെട്ട 2144.ച.മീ വസ്തുവിൽ 11 നിലകളിലായി (BF + G +9) 9417.59 ച.മീ വിസ്തീർണ്ണമുള്ള commercial cum residential കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത D.T.P Scheme for Chemmanthoor Area-Punalur Municipal Town ൽ നിന്നും Dispensation/Modification അനുവദിക്കുന്നതിനായി ശ്രീ. ഫിറോസ് തമ്പി, ശ്രീമതി. അജ്മ ഫിറോസ് തമ്പി എന്നിവർ പരാമർശം (3) പ്രകാരമുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിച്ചിരുന്നു.

(2) DTP Scheme പ്രകാരം നിർമ്മാണ സ്ഥലം പബ്ലിക് & സെമി പബ്ലിക് സോണിൽ ഉൾപ്പെടുന്നതായും സ്കീം റൂൾ പ്രകാരം നിർദ്ദിഷ്ട നിർമ്മാണം അനുവദനീയമല്ലെന്നും പുനലൂർ നഗരസഭയ്ക്ക് വേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ ഈ സ്ഥലം റസിഡൻഷ്യൽ മിക്സഡ് സോൺ ആണെന്നും പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരുന്നു.

(3) ടി സ്ഥലം നിലവിലുള്ള കാലപ്പഴക്കം ചെന്ന ടൗൺ പ്ലാനിംഗ് സ്കീമിൽ പബ്ലിക് & സെമി പബ്ലിക് ഉപയോഗത്തിലേക്കായി നിശ്ചയിച്ചിരുന്നതും ആയതിന് ശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള

പ്ലാനിൽ റസിഡൻഷ്യൽ മിക്സഡ് സോൺ ആയി നിശ്ചയിട്ടുള്ളതാണെന്നും ആയതിനാൽ Land reservation dispense ചെയ്ത് മിശ്രിത ഉപയോഗത്തിലേക്ക് മാറ്റുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിന് പുനലൂർ നഗരസഭ കൗൺസിലിന്റെ 04/09/2018 ലെ 3-ാം നമ്പരായി നഗരസഭ തീരുമാനമെടുത്തിട്ടുള്ളതാണ്.

(4) പ്രസ്തുത പ്ലോട്ടിന് സമീപത്തുള്ള വികസനം കണക്കിലെടുത്തുകൊണ്ട് പരാമർശം (3) അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് പുനലൂർ നഗരസഭ സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ട്.

5) നിർമ്മാണ സ്ഥലത്തിന്റെ പരിസരത്ത് മുനിസിപ്പൽ ബസ് സ്റ്റാന്റ്, മുനിസിപ്പൽ സ്റ്റേഡിയം, പെട്രോൾ പമ്പ്, ഹോട്ടൽ, ബേക്കറി മുതലായവ ഉൾപ്പെടുന്ന വികസിത പ്രദേശമായി മാറിക്കൊണ്ടിരിക്കുന്നതായും ടി പ്ലോട്ടിന് സമീപത്തുള്ള വികസനങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് പുനലൂർ മാസ്റ്റർ പ്ലാനിൽ ടി പ്രദേശത്തെ റസിഡൻഷ്യൽ മിക്സഡ് സോൺ ആയി നിശ്ചയിച്ചിരിക്കുന്നതെന്നും കൊല്ലം ജില്ലാ നഗരാസൂത്രകന്റെ പരാമർശം (5) സാങ്കേതിക ശിപാർശയിൽ പറയുന്നു. അംഗീകൃത DTP Scheme for Chemmanthoor Area - Punalur Municipal Town - ൽ പബ്ളിക് & സെമി പബ്ളിക് സോണിൽ ഉൾപ്പെടുന്ന സർവെ നമ്പർ 407/4/8/1,2,3 യിലെ 21.44 ആർ വസ്തുവിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും നിലവിലുള്ള മററ് നിയമങ്ങൾക്കും വിധേയമായും പെർമിററ് ഫീസിന്റെ 10 മടങ്ങ് scrutiny fee ഈടാക്കികൊണ്ടും commercial cum residential building നിർമ്മാണം നടത്തുന്നതിനായി DTP Scheme Dispense/Modify ചെയ്യുന്നതിന് ജില്ലാ നഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ, പുനലൂർ നഗരസഭയിൽ, പുനലൂർ വില്ലേജിൽ പെട്ട റീ സർവെ നമ്പർ 407/4/8/1, 407/4/8/2, 407/4/8/3 എന്നിവയിൽ ഉൾപ്പെട്ട 2144.ച.മീ വസ്തുവിൽ 11 നിലകളിലായി (BF + G +9) 9417.59 ച.മീ വിസ്തീർണ്ണമുള്ള commercial cum residential കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത D.T.P Scheme for Chemmanthoor Area-Punalur Municipal Town ന്റെ നിയന്ത്രണങ്ങളിൽ നിന്നും താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി Dispensation/Modification അനുവദിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംങ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. സർക്കാരിന്റെ 18/2/2016-ലെ 304282/ആർ.ഡി2/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പെർമിറ്റ് ഫീയുടെ പത്തിരട്ടി Dispensation/Modification അപേക്ഷയിന്മേൽ Scrutiny Fee ആയി ഒടുക്കിയിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. ശ്രീ.ഫിറോസ് തമ്പി & ശ്രീമതി.അജ്മ ഫിറോസ്, ബീനാ കോട്ടേജ്, തൊളിക്കോട്, പുനലൂർ, കൊല്ലം.

2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, കൊല്ലം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, പുനലൂർ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ